ജൂൺ
2025

# M E S BYTES

MES HIGHER SECONDRY SCHOOL IRIMBILIYAM PIN 679572

Little KITEs e News Paper

EMAIL : meshsibm@gmail.com | https://meskerala.com

## ആവേശമായി പ്രവേശനോത്സവം



ഇരിമ്പിളിയം എം.ഇ.എസ് ഹയർസെക്കന്ററി സ്ക്കൂളിൽ 2025-26 അധ്യായന വർഷത്തെ പ്രവേശനോത്സവം ആഘോഷമാക്കി.സകൗട്ട്&ഗൈഡ് ജെ. ആർ. സി. ,ലിറ്റിൽകൈറ്റ്സ് വിദ്യാർത്ഥികൾ പുതിയ കൂട്ടുകാരെ വരവേറ്റു.പ്രവേശനോത്സവത്തിന്റെ ഉദ്ഘാടനം സ്ക്കൂൾമാനേജ്മെന്റ് കമ്മറ്റി ചെയർമാൻ ഉബൈദുള്ള നിർവ്വഹിച്ചു.പ്രിൻസിപ്പൾ നജ്മുദ്ദീൻ അധ്യക്ഷത വഹിച്ചു.ഹെഡ്മാസ്റ്റർ യാസിർ സ്വാഗതം പറഞ്ഞു.പി.ടി.എ പ്രസിഡന്റ് സുരേഷ് മലയത്ത്,എം.പി .ടി.എ പ്രസിഡന്റ് സമീഹ അലി,സ്റ്റാഫ് സെക്രട്ടറി അജിത്ത്,എസ്.ആർ. ജി കൺവീനർ റംസി ,അധ്യാപകരായ ഷിബുലാൽ ,അൻഷാദ് എന്നിവർ കുട്ടികൾക്ക് ആശംസകൾ അറിയിച്ചു.ഡെപ്യൂട്ടി ഹെഡ്മിസ്ട്രസ് ഷമീമ നന്ദിപറഞ്ഞു.സ്ക്കൂളിലെ മുഴുവൻ കുട്ടികൾക്കും പി.ടി.എ യുടെ നേത്രുത്വത്തിൽ പായസ വിതരണം ചെയ്തു.കുട്ടികളുടെ വിവിധ കലാപരിപാടികൾ അരങ്ങേറി.




2025-26 അധ്യായന വർഷത്തിലെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനായി ചേർന്ന സ്റ്റാഫ് കൗൺസിൽ യോഗം സ്ക്കൂൾ മാനേജ്മെന്റ് സെക്രട്ടറി മുസ്തഫ കമാൽ ഉദ്ഘാടനം ചെയ്തു.

ജൂൺ- 5 ലോകപരിസ്ഥിദിനം

## ഒരു തൈ നടാം



പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ഇരിമ്പിളിയം എം ഇ എസ് ഹൈസ്കൂളിൽ വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. ഇതൊടാനുബന്ധിച്ചു 8ആം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി നടത്തിയ സൗഹൃദ മരത്തൈ കൈമാറ്റം ഹെഡ് മാസ്റ്റർ അഷ്‌റഫലി കാളിയത്ത് ഉൽഘാടനം ചെയ്തു. സ്കൂൾ ഹരിത വൽക്കരണത്തിന്റെ ഭാഗമായി പരിസ്ഥിതി ക്ലബ് അംഗങ്ങളും സ്കൗട്ട് ആൻഡ് ഗൈഡ്സ് വിദ്യാർത്ഥികളും ചേർന്ന് ഫല വൃക്ഷ തൈകൾ വച്ചു പിടിപ്പിച്ചു. ചടങ്ങിന് അധ്യാപകരായ അമീൻ, ദേവി,റഹീന,ഷീബ, ഫമിദ, നിഹാൽ എന്നിവർ നേതൃത്വം നൽകി.

## പെരുന്നാൾ ഫെസ്റ്റ് നിറഞ്ഞുതിളങ്ങി: എം.ഇ.എസ് ഹയർസെക്കൻ്ററി സ്കൂൾ



ബക്രീദിനോടനുബന്ധിച്ച് ജൂൺ 5 വെള്ളിയാഴ്ച 8, 9, 10 ക്ലാസുകളിലെ കുട്ടികൾക്കായി പെരുന്നാൾ ഫെസ്റ്റ് സംഘടിപ്പിച്ചു . കുട്ടികൾക്കായി മെഹന്തിമത്സരം, പെരുന്നാൾ സന്ദേശം , ഗ്രീറ്റിംഗ് കാർഡ് നിർമ്മാണം എന്നിങ്ങനെ വിവിധ തരം മത്സരങ്ങൾ നടത്തി. അതിനോടൊപ്പം തന്നെ രക്ഷിതാക്കൾക്കുള്ള മെഹന്തി മത്സരവും സംഘടിപ്പിച്ചു. അധ്യാപകരായ മനു മാത്യു , പ്രേകുമാർ ഷഫ്‌ന , ബാസിം എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. മത്സരത്തിന് ശേഷം വിജയികൾക്കുള്ള സമ്മാനങ്ങളും നൽകി.

## പഠനപ്രവർത്തനങ്ങൾക്ക് തുടക്കമായി

ഇരിമ്പിളിയം എം.ഇ.എസ് ഹയർ സെക്കന്ററി സ്ക്കൂളിൽ പഠനപ്രവർത്തനങ്ങൾക്ക് തുടക്കമായി.പത്താം ക്ലാസിലെ വിദ്യാർത്ഥികൾക്ക് രാവിലെ ഒമ്പത് മണിക്ക് ക്ലാസുകൾ തുടങ്ങി. വിജയഭേരി വിദ്യാർത്ഥികൾക്ക് ദത്ത് സംവിധാനം ആരംഭിച്ചു.8, 9, 10 ക്ലാസുകളിലെ എ പ്ലസ്,വിജയസ്പർശം യോഗങ്ങൾ ചേർന്ന് എ പ്ലസ്, വിജയ സ്പർശം പ്രവർത്തനങ്ങൾക്ക് തുടക്കമായി.



## സർഗ്ഗ വേദി ക്ലബ് ഉദ്ഘാടനം

ഇരിമ്പിളിയം എം.ഇ.എസ് വയർ സെക്കന്ററി സ്ക്കൂളിൽ 2025-26 ബക്രീദ് ആഘോഷത്തിന് തുടക്കം കുറിച്ച് കൊണ്ട് സർഗ്ഗവേദി ക്ലബിന്റെ ഉദ്ഘാടനം സർഗ്ഗവേദി ക്ലബ് കൺവീനർ അൻവർ സി.എം.നിർവ്വ ഹിച്ചു.ഉദ്ഘാടനത്തിനോടനുബന്ധിച്ച് വിദ്യാർത്ഥികൾക്ക് മാപ്പിളപ്പാട്ടു മത്സരവും നൃത്തമത്സരവും നടന്നു.അധ്യാപകരായ അൻഷാദ്,ഷമ്മ,ഷഫ്ന തുടങ്ങിയവർ പരിപാടിക്ക് നേത്രുത്വം നൽകി.

## ജൂൺ 19-വായനദിനം

### വായിച്ച് വളരുക

വായിച്ച് വളരുക എന്ന സന്ദേശം നൽകി ഇരിമ്പിളിയം എം.ഇ.എസ് ഹയർസെക്കന്റി സ്ക്കൂളിൽ വായനാദിന പരിപാടികൾക്ക് തുടക്കമായി.വിദ്യാരംഗം ഇംഗ്ലീഷ്,അറബി,ഉർദു, ഹിന്ദി എന്നീ ക്ലബുകളുടെ നേത്രുത്വത്തിൽ വായനാമത്സരം,മെഗാ ക്വിസ്,ഭാവാത്മക വായനാമത്സരം,ഭാവാഭിനയമത്സരം ,പുസ്തക പരിചയം,ക്രിയേറ്റ് ബുക്ക് മാർക്ക്,പദ്യം ചൊല്ലൽ,കാലിഗ്രഫി തുടങ്ങിയ വിവിധ പരിപാടികൾ നടത്തി. പരിപാടികളിൽ കുട്ടികളുടെ പങ്കാളിത്തം ആവേശമായി.അധ്യാപകരായ അനൂപ്,മുബാരിഷ്,ബാസിം,കമറുൽ ഇസ്ലാം ഷാഹിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## പാസ്ക്കൽ ദിനാചരണം




ജൂൺ 19-പാസ്ക്കൽ ദിനത്തോടാനുബന്ധിച്ചു MES HSS MATHS CLUB വിവിധ പരിപാടികൾ സംഘടിപ്പിച്ചു. പാസ്കലിനെ കുറിച്ചും അദ്ദേഹത്തിന്റെ പ്രധാന സംഭാ വനകളിൽ ഒന്നായ പാസ്ക്കൽ ത്രികോണത്തെ കുറിച്ചുമുള്ള ചാർട്ട് പ്രദർശനവും വീഡിയോ പ്രദർശനവും നടന്നു. എട്ടാം ക്ലാസ്സിലെ കുട്ടികൾക്കായി സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് Maths BINGO ഗെയിമും നടത്തി. 9,10 ക്ലാസിലെ കുട്ടികൾക്കായി Drop answer in lucky box എന്ന പരിപാടിയും സംഘടിപ്പിച്ചു. വിജയികൾക്ക് ഹെഡ് മാസ്റ്റർ അഷ്റഫലി സർ ട്രോഫികളും മെഡലുകളും നൽകി അനുമോദിച്ചു.

ജൂൺ 21-അന്താരാഷ്ട്ര യോഗദിനം

## യോഗദിനം ആചരിച്ചു



ജൂൺ 21 അന്താരാഷ്ട്ര യോഗദിനത്തിന്റെ ഭാഗമായി എം. ഇ. എസ് ഹയർസെക്കന്ററി ഭാരത് സ്കൗട്ട് & ഗൈഡ് യൂണിറ്റ് സംഘടിപ്പിച്ചു.സ്ക്കൂളിൽവെച്ച് നടന്ന പരിപാടിയുടെ ഉദ്ഘാടനം സ്ക്കൂൾ ഹെഡ്മാസ്റ്റർ അഷ്റഫലി കാളിയത്ത് നിർവ്വഹിച്ചു.യോഗപരിശീലനത്തിന് സ്ക്കൂൾ ഹിന്ദി അധ്യാപകനായ സുരേഷ് നേത്രുത്വം നൽകി.സ്കൗട്ടിംഗ് & ഗൈഡ് വിഷയത്തിൽ പൂർവ്വവിദ്യാർത്ഥിനി പി.ജെ ഹനീന ക്ലാസെടുത്തു.പ്ലാസ്റ്റിക്ക് ഫ്രീ ക്യാമ്പസിന്റെ ഭാഗമായി ശുചീകരണ പ്രവർത്തനങ്ങളും നടത്തി.തിരൂർ വിദ്യാഭ്യാസസകൗട്ട് സെക്രട്ടറിയും സ്ക്കൂൾസകൗട്ട് യൂണിറ്റ് അധ്യാപകനുമായ പി.ജെ അമീൻ ,ഗൈഡ് ടീച്ചറായ സഫ്നയും പരിപാടികൾക്ക് നേതൃത്വം നൽകി



## ലിറ്റിൽ കൈറ്റ്സ് അഭിരുചി പരീക്ഷ

ഇരിമ്പിളിയം എം ഇ.എസ് ഹയർ സെക്കൻഡറി സ്കൂളിലെ 2025- 28 ലിറ്റിൽ കൈറ്റ്സ് ബാച്ചിലേക്കുള്ള അഭിരുചി പരീക്ഷ 2025 ജൂൺ 25 ബുധനാഴ്ച സ്കൂൾ ഐടി ലാബിൽ നടന്നു. 204 വിദ്യാർത്ഥികൾ അഭിരുചി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തു. 197 കുട്ടികൾ പരീക്ഷ അറ്റൻഡ് ചെയ്തു. വിദ്യാർത്ഥികൾക്കുള്ള പരിശീലന ക്ലാസ് മറ്റ് ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടത്തി.

കമ്പ്യൂട്ടറിൽ പ്രത്യേകം തയ്യാറാക്കിയ സോഫ്റ്റ് വെയറിലാണ് പരീക്ഷ നടത്തിയത്. 30 മിനിറ്റ് ദൈർഘ്യമുള്ള 20 ചോദ്യങ്ങൾ ആയിരുന്നു പരീക്ഷയിൽ ഉണ്ടായിരുന്നത്. ലോജിക് ആൻഡ് റീസണിങ്, പ്രോഗ്രാമിംഗ് വിഭാഗം,5,6,7 ഐ.സി.ടി പാഠപുസ്തകങ്ങൾ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങൾ, ഐടി പൊതുവിജ്ഞാനം ഇവയുമായി ബന്ധപ്പെട്ട ചോദ്യങ്ങളാണ് അഭിരുചി പരീക്ഷയ്ക്ക് വന്നത്.

22 കമ്പ്യൂട്ടറുകളിലാണ് പരീക്ഷ ഇൻസ്റ്റാൾ ചെയ്തത്. ഒമ്പത് ബാച്ചുകളായി പരീക്ഷ നടത്തി. പരീക്ഷയിൽ ഉടനീളം കൈറ്റ് മെൻഡേർസ് ആയ മുഹമ്മദ് മുനീർ , ഹഫ്സമോൾ എസ് .ഐ.ടി.സി ഫൈസൽ ,അഹ്സൻ വസീം എന്നിവർ നേതൃത്വം നൽകി.

## ജൂൺ 26-ലോക ലഹരി വിരുദ്ധ ദിനം

# ലഹരിക്കെതിരെ......



ഇരിമ്പിളിയം എം.ഇ.എസ് ഹയർസെക്കന്ററി സ്ക്കൂളിൽ ലോക ലഹരിവിരുദ്ധദിനം ആചരിച്ചു.പരിപാടികളുടെ ഉദ്ഘാടനം എക്സൈസ് ഓഫീസർ അഖിൽ പി.എം. നിർവഹിച്ചു.ഹെഡ്മാസ്റ്റർ അഷ്റഫലി കാളിയത്ത് ലഹരി വിരുദ്ധ സന്ദേശം കുട്ടികൾക്ക് നൽകി.സ്ക്കൂൾ സ്കൗട്ട് & ഗൈഡും ,ജൂനിയർ റെഡ്ക്രോസും ചേർന്ന് ലഹരിവിരുദ്ധ ഫ്ലാഷ് മോബും, സൂംബ ഡാൻസ്,ലിറ്റിൽകൈറ്റ്സിന്റെ നേത്രുത്വത്തിൽ ഡിജിറ്റൽ പോസ്റ്റർനിർമ്മാണ മത്സരം എന്നീ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.അധ്യാപകരായ അമീൻ,നവാസ്,അൻഷാദ്,റോഷൻ,മുനീർ,തുളസി,ഷമ്മ ശാഫി,എഫ്സ എന്നിവർ പരിപാടികൾക്ക് നേത്രുത്വം നൽകി.



ലഹരി വിരുദ്ധ ഫ്ലാഷ്മോബ്



ഡിജിറ്റൽ പോസ്റ്റർ നിർമ്മാണം



എക്സൈസ് ഓഫീസർ അഖിൽ സാറിനൊപ്പം

## സുകൃതം വായനമൂല ഉൽഘാടനം ചെയ്തു.



വായന പ്രോൽസാഹിപ്പിക്കുന്നതിനായി ഇരിമ്പിളിയം എം.ഇ.എസ് ഹയർ സെക്കന്റി സ്ക്കൂളിൽ വിദ്യാരംഗം കലാ സാഹിത്യ വേദി ആരംഭിച്ച സുകൃതം വായനമൂല ഹെഡ്മാസ്റ്റർ അഷ്റഫലി കെ ഉദ്ഘാടനം ചെയ്തു.വിദ്യാരംഗം കൺവീനർ അനൂപ് .പി.എം വായനയുടെ സാധ്യതകൾ കുട്ടികളുമായി പങ്ക് വെച്ചു. സ്റ്റാഫ് സെക്രട്ടറി അജിത്ത് ആശംസകൾ അറിയിച്ചു.അധ്യാപകരായ ഷീബ,അനിത,ദേവി,നവാസ്,അനീഷ , സബീന എന്നിവർ പ്രസംഗിച്ചു.

## NMMS- രക്ഷിതാക്കളുടെ യോഗംചേർന്നു.



ജൂൺ 19 വ്യാഴാഴ്ച NMMS screening test ൽ വിജയികളായ കുട്ടികളുടെ രക്ഷിതാക്കളുടെ യോഗം ചേർന്നു.ENSKOOL പ്രതിനിധി ജിഷ്ണു രക്ഷിതാക്കൾക്ക് ക്ലാസുകൾ നൽകി. 197 രക്ഷിതാക്കൾപങ്കെടുത്ത യോഗത്തിൽ കഴിഞ്ഞ വർഷത്തെ NMMS നേടിയ കുട്ടികളെ PTA അനുമോദിച്ചു.യോഗത്തിൽ പ്രിൻസിപ്പാൾ നജ്മുദ്ധീൻ ,ഹെഡ്മാസ്റ്റർ അഷ്റഫിലി,പി.ടി.എപ്രിസിഡന്റ് സുരേഷ് മലയത്ത് NMMS കൺവീനർ നസീബ കഴിഞ്ഞവർഷത്തത്തെയും ഈ വർഷത്തെയും NMMS കമ്മറ്റി അംഗങ്ങളായ അധ്യാപകരും പങ്കെടുത്തു.

## NMMS വിജയികളെ പിറ്റിഎ യുടെ നേതൃത്വത്തിൽ അനുമോദിച്ചു






## ക്ലബുകൾ രൂപീകരിച്ചു



എം. ഇ. എസ് ഹയർസെക്കന്ററിയിലെ എല്ലാ ക്ലബുകളുടെയും രൂപീകരണം ജൂൺ 30 തിങ്കളാഴ്ച ഉച്ചക്ക് 2.30 സ്ക്കൂളിൽ വെച്ച് നടന്നു.ഒരേ സമയം നടന്ന ക്ലബ് രൂപീകരണ ത്തിലൂടെ സ്ക്കൂളിലെ മുഴുവൻ കുട്ടികളെയും ഏതെങ്കിലും ഒരു ക്ലബിൽ അംഗമാക്കി.എല്ലാ ക്ലബുകളും ക്ലബ് സെക്രട്ടറി,ജോയൻ സെക്രട്ടറി യെയും തിരഞ്ഞെടുത്തു.അധ്യാപകരായ ക്ലബ് കൺവീനർമാർ ഈ വർഷത്തെ ക്ലബ് പ്രവർത്തനങ്ങൾ വിശദീകരിച്ചു.

# ജൂൺ മാസത്തെ മത്സരവിജയികൾ

